**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **16-09-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ഓണം വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോ എത്ര ഓണം വിപണികൾ പ്രവർത്തനമാരംഭിച്ചിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സപ്ലൈകോയെ ജനങ്ങൾ ഏറ്റെടുക്കുന്ന കാഴ്ചയാണ് ഈ ഓണത്തോട് അനുബന്ധിച്ച് കാണാൻ കഴിഞ്ഞത്. 2025 ഓണക്കാലത്ത് സപ്ലൈകോയുടെ വിറ്റുവരവിൽ പൊതുജനങ്ങൾ അർപ്പിക്കുന്ന വിശ്വാസം പ്രകടമാണ്. ഈ ഓണക്കാലത്ത് സർവകാല റെക്കോർഡുകൾ തകർക്കുന്ന രീതിയിലുള്ള വിൽപ്പനയാണ് സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി നടന്നത്. ഓഗസ്റ്റ് ഒന്നു മുതൽ സെപ്റ്റംബർ നാലുവരെയുള്ള കാലയളവിൽ 386.02 കോടി രൂപയുടെ വില്പനയാണ് സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി നടന്നിരിക്കുന്നത്. മുൻകാലങ്ങളിൽ സപ്ലൈകോയുടെ ഏറ്റവും വലിയ പ്രതിദിന വില്പന 15.37 കോടി രൂപയായിരുന്നു. എന്നാൽ ഈ ആഗസ്റ്റ് മാസം മുതൽ പലതവണ ഈ റെക്കോർഡുകൾ ഭേദിക്കപ്പെട്ടു. സെപ്റ്റംബർ മാസം 2 ന് 24.99 കോടി രൂപയുടെ പ്രതിദി റെക്കോർഡിലെത്തി.<br><br>2024 ഓണത്തിന് 183 കോടി രൂപയുടെ വില്പന നടന്നപ്പോൾ ഈ ഓണക്കാലയളവിൽ 300 കോടിയിൽ കുറയാത്ത വില്പനയാണ് സപ്ലൈകോ ലക്ഷ്യമിട്ടത്. അവസാനത്തെ കണക്കുകൾ വന്നപ്പോൾ 180 കോടി രൂപയുടെ സബ്സിഡി വില്പനയും 206 കോടി രൂപയുടെ നോൺ സബ്സിഡി വില്പനയും ഉൾപ്പെടെ 386.02 കോടി രൂപയുടെ വില്പനയാണ് സപ്ലൈകോ നടത്തിയിരിക്കുന്നത്. ഈ കാലയളവിൽ 56.73 ലക്ഷം ഉപഭോക്താക്കൾ സപ്ലൈകോ സന്ദർശിച്ചു. ഓണം വിപണികളുടെ ജില്ല തിരിച്ചുള്ള എണ്ണവും വിറ്റുവരവും സംബന്ധിച്ച കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഓണം വിപണിയിലൂടെ എത്ര തുകയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | (A) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ക്രമ നം.** | ജില്ല | **ആകെ ഓണം ഫെയറുകൾ** | നിയോജക മണ്ഡലം ഫെയറുകളിലെ വിറ്റുവരവ് | ജില്ലാ ഫെയറുകളിലെ വിറ്റുവരവ് | ആകെ വിറ്റുവരവ് (രൂപ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 14 | 16172052.25 | 8948205.12 | 25120257.37 |
| 2 | കൊല്ലം | 11 | 18412835.62 | 5054747.54 | 23467583.16 |
| 3 | പത്തനംതിട്ട | 7 | 9451098.58 | 1423366.19 | 10874464.77 |
| 4 | കോട്ടയം | 9 | 14206655.51 | 2695466.44 | 16902121.95 |
| 5 | ഇടുക്കി | 5 | 5869274.06 | 3003464.69 | 8872738.75 |
| 6 | ആലപ്പുഴ | 9 | 11793298.77 | 2528679.83 | 14321978.60 |
| 7 | എറണാകുളം | 15 | 18600554.18 | 2417653.50 | 21018207.68 |
| 8 | തൃശ്ശൂർ | 13 | 8879784.39 | 5159206.84 | 14038991.23 |
| 9 | പാലക്കാട് | 12 | 14002571.34 | 5961564.69 | 19964136.03 |
| 10 | മലപ്പുറം | 16 | 16240868.36 | 2319030.88 | 18559899.24 |
| 11 | കോഴിക്കോട് | 14 | 18529859.15 | 2796721.00 | 21326580.15 |
| 12 | കണ്ണൂർ | 12 | 16347161.74 | 4308692.06 | 20655853.80 |
| 13 | വയനാട് | 4 | 4688482.07 | 2009334.31 | 6697816.38 |
| 14 | കാസർഗോഡ് | 5 | 4170817.20 | 2652066.12 | 6822883.32 |

**അനുബന്ധം**

| **ക്രമ നം.** | ജില്ല | **ആകെ ഓണം ഫെയറുകൾ** | നിയോജക മണ്ഡലം ഫെയറുകളിലെ വിറ്റുവരവ് | ജില്ലാ ഫെയറുകളിലെ വിറ്റുവരവ് | ആകെ വിറ്റുവരവ് (രൂപ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 14 | 16172052.25 | 8948205.12 | 25120257.37 |
| 2 | കൊല്ലം | 11 | 18412835.62 | 5054747.54 | 23467583.16 |
| 3 | പത്തനംതിട്ട | 7 | 9451098.58 | 1423366.19 | 10874464.77 |
| 4 | കോട്ടയം | 9 | 14206655.51 | 2695466.44 | 16902121.95 |
| 5 | ഇടുക്കി | 5 | 5869274.06 | 3003464.69 | 8872738.75 |
| 6 | ആലപ്പുഴ | 9 | 11793298.77 | 2528679.83 | 14321978.60 |
| 7 | എറണാകുളം | 15 | 18600554.18 | 2417653.50 | 21018207.68 |
| 8 | തൃശ്ശൂർ | 13 | 8879784.39 | 5159206.84 | 14038991.23 |
| 9 | പാലക്കാട് | 12 | 14002571.34 | 5961564.69 | 19964136.03 |
| 10 | മലപ്പുറം | 16 | 16240868.36 | 2319030.88 | 18559899.24 |
| 11 | കോഴിക്കോട് | 14 | 18529859.15 | 2796721.00 | 21326580.15 |
| 12 | കണ്ണൂർ | 12 | 16347161.74 | 4308692.06 | 20655853.80 |
| 13 | വയനാട് | 4 | 4688482.07 | 2009334.31 | 6697816.38 |
| 14 | കാസർഗോഡ് | 5 | 4170817.20 | 2652066.12 | 6822883.32 |